പഞ്ചായത്ത് ഡയറക്ടറുടെ നടപടിക്രമങ്ങൾ.
(ഹാജർ. ഡോ. പി.കെ. ജയശ്രീ. ഐഎഎസ്)

വിഷയം:- പഞ്ചായത്ത് വകുപ്പ്- കേരള സംസ്ഥാന ബാലാവകാശ കമ്മീഷൻ- - കോവിഡ്-19 നിയന്ത്രണം നിലനിൽക്കെ ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെയും സ്വകാര്യ ട്യൂഷൻ സ്ഥാപനങ്ങളുടെയും നിയമാനുസൃതമല്ലാതെയുള്ള പ്രവർത്തനം നിർത്തലാക്കുന്നത് -ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

പരാമർശം:- (1) ബഹു.കേരള സംസ്ഥാന ബാലാവകാശ കമ്മീഷന്റെ 13/08/2020 തീയതിയിലെ 3275/04/C2/KeSCPCR നമ്പർ കത്തും 24/06/2020 തീയതിയിലെ ഉത്തരവും.

(2) ദുരന്ത നിവാരണവകുപ്പിന്റെ 26.03.2020-ലെ GO(Ms)No.13/2020/DMD നമ്പർ ഉത്തരവ്.

**ഉത്തരവ് നമ്പർ: PAN/11509/2020 തീയതി :05/10/2020**

കോവിഡ് -19 എന്ന മഹാമാരിയെ പ്രതിരോധിക്കുന്നതിനായി സർക്കാർ കടുത്ത നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിലും സ്വകാര്യ ട്യൂഷൻ സ്ഥാപനങ്ങൾ കുട്ടികളെ നിർബന്ധമായി വിളിച്ചുവരുത്തി പഠനം നടത്തുന്നുവെന്ന് ആരോപിച്ച് സമർപ്പിച്ച ഹർജിയിന്മേൽ ബഹു. കേരള സംസ്ഥാന ബാലാവകാശ കമ്മീഷൻ പരാമർശം പ്രകാരം ശുപാർശകൾ പുറപ്പെടുവിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്..

മേൽ ഉത്തരവിൽ സർക്കാർ പ്രത്യേക ഉത്തരവ് പ്രകാരം അനുമതി നൽകുന്നത് വരെ സംസ്ഥാനത്തെ യാതൊരു ട്യൂട്ടോറിയൽ സ്ഥാപനങ്ങളും സ്വകാര്യ ട്യൂഷൻ സ്ഥാപനങ്ങളും പ്രവർത്തിക്കാൻ പാടില്ലാത്തതാണെന്നും. ഇതിന് വിരുദ്ധമായി പ്രവർത്തിക്കുന്ന സ്വകാര്യ ട്യൂഷൻ സ്ഥാപനങ്ങളുടെയും ട്യൂട്ടോറിയലുകളുടെയും ലൈസൻസ് റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ടതാണെന്നും ശുപാർശ ചെയ്തിട്ടുണ്ട്.

കോവിഡ് -19 വ്യാപനത്തെ നേരിടുന്നതിനായി മേൽ സൂചന (2) പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിലും, തുടർന്ന് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിക്കുന്നത് സംബന്ധിച്ച് പരാമർശം പുറപ്പെടുവിച്ചിട്ടില്ലാത്തതാണ്. ഈ സാഹചര്യത്തിൽ, സർക്കാർ അനുമതി നൽകുന്നത് വരെ സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിൽ യാതൊരു ട്യൂട്ടോറിയൽ സ്ഥാപനങ്ങളും സ്വകാര്യ ട്യൂഷൻ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പ് വരുത്തുന്നതിനും, ഇതിന് വിരുദ്ധമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും സംസ്ഥാനത്തെ എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**DR.P.K.JAYASREE IAS**
പഞ്ചായത്ത് ഡയറക്ടർ

Signature Not Verified

Digitally signed by P K Jayasree
Date: 2020.10.05 18:37:12 IST
Reason: Approved

സ്വീകർത്താവ്
...ഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഗ്രാമ പഞ്ചായത്തുകൾ നിർദ്ദേശം ...വെന്ന് ഉറപ്പുവരുത്തുന്നതിനായി)